20. ശാസ്ത്ര-സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ വിവിധ വശങ്ങളെ സംബന്ധിച്ച് എല്ലാ തരത്തിലുള്ള സർവ്വേകളും ഗവേഷണ പ്രവർത്തനങ്ങളും നടത്തുക.

21. കാലാകാലങ്ങളിൽ സാമൂഹത്തെ ബാധിക്കുന്ന പൊതുവായതും സാങ്കേതികവുമായ പ്രശ്നങ്ങളിൽ ഗവൺമെന്റിനും വിവിധ പൊതുസ്ഥാപനങ്ങൾക്കും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും, പഠനങ്ങൾ നടത്തുന്നതിനും, വിദഗ്ധ സമിതികൾ, കമ്മീഷനുകൾ, അന്വേഷണ ഏജൻസികൾ എന്നിവയെ നിയമിക്കുക. പഠനപ്രവർത്തനങ്ങളുടെ കണ്ടെത്തലുകൾ നടപ്പാക്കപ്പെടുന്നുണ്ടോ എന്നുറപ്പു വരുന്നുന്നതിനാവശ്യമായ മേൽനോട്ടം വഹിക്കുക.

22. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഉന്നതമായ ഗവേഷണത്തിനും വിദ്യാഭ്യാസത്തിന്നും മാതൃകാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുക.

23. വിവിധ സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. സാമൂഹ്യമായും സാമ്പത്തികമായും വിവേചനം അനുഭവിക്കുന്ന, ആദിവാസികൾ, ദളിതർ, വീടും ഭൂമിയുമില്ലാത്ത മറ്റു പാവപ്പെട്ടവർ തുടങ്ങിയ ജനവിഭാഗങ്ങൾക്കുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. പരമ്പരാഗത പരിഷ്കരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക കൈവേലക്കാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

24. ഫാക്ടറികൾ, ചെറുകിട വ്യവസായസ്ഥാപനങ്ങൾ, വർക്ഷോപ്പുകൾ, കൺസൾട്ടൻസികൾ, കമ്പ്യൂട്ടർ ആധാര സ്ഥാപനങ്ങൾ, ഐ.ടി., ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ, കലാ, കരകൗശല സ്ഥാപനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയ തൊഴിൽ ദായക സ്ഥാപനങ്ങൾ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്യുക.

25. ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ രീതികൾ, പരിസ്ഥിതി സംരക്ഷണം, ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ, പാരമ്പര്യേതര ഊർജോൽപാദന രീതികൾ, അമിത നഗരവൽക്കരണ-ഉപഭോക്തൃ പ്രവണതകൾക്കെതിരായ പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ജനകീയവൽക്കരിക്കുകയും ചെയ്യുക.

26. നമ്മുടെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഇപ്പോഴും അവശേഷിക്കുന്ന പരമ്പരാഗത ശാസ്ത്രീയ അറിവുകളും നാട്ടറിവുകളും കണ്ടെത്തി പരിപോഷിപ്പിക്കുക.

27. മനുഷ്യാവകാശ സംരക്ഷണത്തിനും സമൂഹത്തിലെ അധഃസ്ഥിത വിഭാഗത്തിന്റെ ഉന്നമനത്തിനുമായി അന്താരാഷ്ട്രതല സഹകരണത്തിനും വിവിധ പരിപാടികളിലൂടെയും പദ്ധതികളിലൂടെയും ഉള്ള പരസ്പര വളർച്ചക്കും യത്നിക്കുക.

28. ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സംഘടനകൾ, യൂണിവേഴ്സിറ്റികൾ, ഫൗണ്ടേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് സൊസൈറ്റിയുടെ പിന്തുണയുള്ള പഠനസംഘങ്ങൾക്ക് ആതിഥേയത്വം വഹിക്കുകയും പഠനസംഘങ്ങളെ അയക്കുകയും ചെയ്യുക.

# darsana

Fill the void with light    Let us unite

INITIATIVE FOR EDUCATION, INSIGHT AND EMPOWERMENT

Charitable Association
**Reg No:CA/210/2007**

Registered Office
**Bodhi, Kottekkad (P.O), Palakkad**

## സംഘടനയുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും

1. സാങ്കേതിക വിദ്യാഭ്യാസം ആഗ്രഹിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക. അതിന്റെ ഭാഗമായി പാലക്കാട് എൻ.എസ്.എസ്.എഞ്ചിനിയറിംഗ് കോളേജിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനും താമസത്തിനും സഹായകമായ നിലയിൽ എൻഡോവ്മെന്റ് ഏർപ്പെടുത്തുക. പരേതനായ പൂർവ്വ വിദ്യാർത്ഥി ബിജുചെറിയാന്റെ പേരിലായിരിക്കും ഒരു എൻഡോവ്മെന്റ്.
2. സാമൂഹ്യമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതപഠനവും ജോലിയും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക.
3. പാലക്കാട് എൻ.എസ്.എഞ്ചീനിയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളിൽ, നിർഭാഗ്യരായ ചുറ്റുപാടുകളിൽ കഷ്ടതകളനുഭവിക്കുന്നവർക്കും കുടുംബങ്ങൾക്കും സഹായമെത്തിക്കുക.
4. ശാസ്ത്ര-സാങ്കേതിക-സാമൂഹ്യശാസ്ത്ര-കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ മികവു തെളിയിക്കുന്നവർക്ക് എൻഡോവ്മെന്റ്, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, അവാർഡ്, സമ്മാനം മുതലായവ ഏർപ്പെടുത്തുക.
5. അക്കാദമിക് രംഗത്ത് അസാധാരണ നേട്ടങ്ങൾ കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക. പരീക്ഷാ വിജയത്തിനുമപ്പുറം സാങ്കേതിക പരിജ്ഞാനം, കണ്ടെത്തലുകൾ, പ്രോജക്ടുകൾ, തിസീസുകൾ, സാമൂഹ്യപ്രസക്തി തുടങ്ങി വിഭിന്നങ്ങളായ കഴിവുകളുടെ സമ്പൂർണ്ണമായ പ്രകടനമായിരിക്കണം മാനദണ്ഡം.
6. ഹോസ്റ്റലുകൾ, ലൈബ്രറികൾ, റീഡിംഗ് റൂമുകൾ, ട്രെയിനിംഗ് സെന്ററുകൾ, ഇൻഫർമേഷൻ സെന്ററുകൾ, ഓഡിറ്റോറിയങ്ങൾ, മീറ്റിംഗ്ഹാളുകൾ, സ്പോർട്സ് സെന്ററുകൾ, സാംസ്കാരിക സംഘങ്ങൾ, സാമൂഹ്യ സേവന സംഘങ്ങൾ, തുടങ്ങിയവ സ്ഥാപിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.
7. പത്രങ്ങൾ, മാസികകൾ, ലഘുലേഖകൾ, ജേർണലുകൾ തുടങ്ങിയവ അച്ചടിച്ചു പ്രസിദ്ധീകരിക്കുക.
8. പ്രചരണ പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, പരസ്യങ്ങൾ, സെമിനാറുകൾ, ശിൽപശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
9. വിവിധ വിജ്ഞാന മേഖലകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കൽ, ഉപന്യാസം, പ്രസംഗം, ക്വിസ്, ഐ.ടി, ചിത്രകല, പ്രദർശനകല, ചലച്ചിത്രം, ഡോക്യുമെന്ററി, കായികരംഗം തുടങ്ങിയവയിൽ വിവിധ തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.
10. ശാസ്ത്ര-സാങ്കേതിക രംഗത്തെ പുരോഗതി, അടിസ്ഥാന ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിനായി ഉപയോഗപ്പെടുത്താൻ, അതിനുവേണ്ടി പ്രവർത്തിക്കുന്ന ശാസ്ത്ര സംഘടനകളുമായും, സാമൂഹ്യ സംഘടനകളുമായും സഹകരിച്ചു പ്രവർത്തിക്കുക.
11. പ്രോജക്ടുകൾക്കും, ഗവേഷണപ്രവർത്തനങ്ങൾക്കും റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഗൈഡൻസ് നൽകുക. പ്രോജക്ട് തുടർ പ്രവർത്തനങ്ങൾക്ക് പ്രത്യേക സഹായങ്ങൾ ലഭ്യമാക്കുക. അക്കാദമികേതര പ്രോജക്ടുകൾക്കും പ്രോത്സാഹനം നൽകുക.
12. കോളേജിൽ നിന്ന് പഠനം പൂർത്തീകരിച്ചിറങ്ങുന്ന പുതിയ വിദ്യാർത്ഥികൾക്കു മാത്രമല്ല, സൊസൈറ്റിയിൽ നിലവിൽ അംഗങ്ങളായവർക്കും ഉപയോഗപ്പെടുന്ന നിലയിൽ വിപുലമായ കരിയർ നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തുക.
13. എഞ്ചിനിയറിംഗ് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കരിക്കുലവും സിലബസും കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങളും, അഭിപ്രായ രൂപീകരണവും, ഇടപെടലുകളും നടത്തുക.
14. എഞ്ചിനിയറിംഗ് കോഴ്സുകളുടെ അക്കാഡമിക് കരിക്കുലത്തിന്റെ യഥാർത്ഥ ഉദ്ദേശങ്ങളെത്തന്നെ പരാജയപ്പെടുത്തുന്ന തരത്തിലുള്ള, അലക്ഷ്യവും അരാജക പ്രവണതയോടു കൂടിയതുമായ കോഴ്സ്-പരീക്ഷാ നടത്തിപ്പുകളെ വിമർശനാത്മകമായി പരിശോധിക്കുകയും, ഇടപെടുകയും ചെയ്യുക.
15. കലാ-സാംസ്കാരിക രംഗങ്ങളിൽ പുതിയ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
16. പ്രാഥമിക വിദ്യാഭ്യാസത്തെ ബലപ്പെടുത്തുന്ന നിലയിൽ, സഹായങ്ങളും ഇടപെടലുകളും നടത്തുക.
17. യഥാർത്ഥ സ്വാതന്ത്ര്യവും നീതിയും ഉറപ്പുവരുത്തുന്നതിനായി, മയക്കുമരുന്ന്, മദ്യം, ബാലവേല, അടിമവേല, തൊഴിലാളികളുടെ അവകാശ നിഷേധം, തൊഴിലിടങ്ങളിൽ സ്ത്രീകളോടുള്ള വിവേചനം, താഴ്ന്ന കൂലി, ലിംഗവിവേചനം, നീതി നിഷേധം, വിക്ടിമൈസേഷൻ, അഴിമതി, പരിസ്ഥിതിയിലുള്ള കടന്നുകയറ്റം, നിരക്ഷരത, എയിഡ്സ്, തൊട്ടുകൂടായ്മ, ജാതീയവും മതപരവുമായ വിവേചനത്തിന്റെ അടിസ്ഥാനത്തിലുള്ള ക്രൂരതകൾ തുടങ്ങിയവക്കെതിരായ, ബോധവൽക്കരണ പ്രവർത്തനങ്ങളും, പരിഹാരപ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
18. സ്വാതന്ത്ര്യം ജനാധിപത്യം, സോഷ്യലിസം, മതേതരത്വം, യുവജനനേതൃത്വം തുടങ്ങിയവ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
19. വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപ്പൊട്ടൽ, സുനാമി, ഭൂകമ്പം, പകർച്ചവ്യാധികൾ, സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലുണ്ടാവുന്ന ദുരന്തങ്ങൾ തുടങ്ങി മനുഷ്യനിർമിതവും, പ്രാകൃതികവുമായ ദുരന്തങ്ങളിൽ, ഇരയായവർക്കാവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.